പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 5870 | 28/03/2018 ൽ മറുപടി നല്കേണ്ടത്. |

**കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഈ സ്ഥാപനത്തിൽ അധിക വികസന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) | 1997-ൽ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ ഇപ്പോഴും 1951-ൽ സ്ഥാപനം ആരംഭിക്കുമ്പോഴുള്ള 12 കിടക്കകൾ മാത്രമാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ശരാശരി 600-ൽ അധികം രോഗികൾ എത്തുന്ന ഈ ആശുപത്രിയിൽ മതിയായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | സി) | നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും പ്ലാൻഫണ്ട് എൻ.എച്ച്. എം. ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും എച്ച്.എം.സി ഫണ്ട് ഉപയോഗിച്ച് താൽക്കാലിക ജീവനക്കാരെ നിയമിച്ചും ആശുപത്രിയിലെത്തുന്ന രോഗികൾക്ക് പരമാവധി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഹെൽത്ത് സെന്ററിൽ ഏതെങ്കിലും പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ? | ഡി | പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ